## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1861 — 04.10.2011 - ൽ മറുപടിക്ക്

### എൻ.ആർ.എച്ച്.എം. ഫണ്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ഗ്രാമ പഞ്ചായത്തുകൾക്ക് വിനിയോഗത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ട് ലഭിക്കുന്നുണ്ടോ ; എങ്കിൽ ഓരോ ഗ്രാമപഞ്ചായത്തിനും എത്ര രൂപ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | അതാതു പഞ്ചായത്തുകളിലെ ആശുപത്രികളുടെ വികസനത്തിനും നവീകരിണത്തിനും, വാർഡുകളുടെ ശുചീകരണത്തിനുമായി എൻ.ആർ.എച്ച്.എമ്മിൽ നിന്നും വർഷംതോറും ഒരു നിശ്ചിത തുക ആശുപത്രി മെഡിക്കൽ ഓഫീസറുടേയും പഞ്ചായത്ത് പ്രസിഡന്റിന്റെയും സംയുക്ത അക്കൗണ്ടിൽ ജില്ലാ സൊസൈറ്റി മുഖേന നിക്ഷേപിക്കാറുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ട് എന്ത് ആവശ്യങ്ങൾക്കൊക്കെയാണ് ഗ്രാമ പഞ്ചായത്തുകൾ വിനിയോഗിക്കുന്നത്; വിശദാംശം അറിയിക്കുമോ ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ പ്രസ്തുത ഫണ്ട് യഥാസമയം വിനിയോഗിക്കുന്നില്ലെന്ന ആക്ഷേപം ഉത്തരവാദിത്തപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ആശുപത്രി വികസന സമിതി (HMC)**

- ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, ക്യാമ്പുകളിൽ നിന്നും വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കൽ, പ്രാദേശികമായും വിഭവസമാഹരണവും നടത്തൽ എന്നിവയൊക്കെ ഇത്തരത്തിലുള്ള ഉത്തരവാദിത്വങ്ങളാണ്. എൻ.ആർ.എച്ച്.എം.ന്റെ ഉദ്ദേശലക്ഷ്യ പ്രകാരം ആരോഗ്യ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തികൊണ്ട് പോകേണ്ട ചുമതല വികസന സമിതികൾക്കാണ്.
- സംസ്ഥാനത്തെ ജില്ലാ / ജനറൽ / മാതൃശിശു ആശുപത്രികൾ എന്നിവക്ക് 5 ലക്ഷം രൂപ വീതവും താലൂക്ക് / CHC / PHC എന്നീ ആരോഗ്യ സ്ഥാപനങ്ങൾക്ക് 1 ലക്ഷം രൂപ വീതവും വർഷം തോറും നൽകിവരുന്നു. (താലൂക്ക് ആശുപത്രികൾക്ക് 5 ലക്ഷം രൂപ വീതം 2010-11 വരെ നൽകിയിട്ടുണ്ട്).
- ഈ തുക ആശുപത്രി മെഡിക്കൽ ഓഫീസറുടേയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്റേയും സംയുക്ത അക്കൗണ്ടിൽ ജില്ലാ സൊസൈറ്റി മുഖേനയാണ് നൽകുന്നത്.

**വാർഡ്തല ശുചിത്വ കമ്മിറ്റികൾ (WHSC)**

- വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയുടെ നേതൃത്വത്തിലാണ് ഈ കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. എല്ലാ കമ്മിറ്റികൾക്കും വാർഷിക സ്വതന്ത്ര വിനിയോഗ ഫണ്ടായി 10,000/- രൂപ വീതം നൽകി വരുന്നു. ഈ തുക രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ പദ്ധതി മേൽനോട്ടത്തിനും വാർഡ്തല ആരോഗ്യ പ്രവർത്തനങ്ങൾക്കും വാർഡ്തല ശുചിത്വ കമ്മിറ്റികൾക്ക് ഉപയോഗിക്കാനാണ് നൽകുന്നത്.
- ഈ തുക വാർഡ്തല ശുചിത്വ കമ്മിറ്റിയുടെ കൺവീനറുടേയും വാർഡ്മെമ്പറുടേയും സംയുക്ത അക്കൗണ്ടിൽ ജില്ലാ സൊസൈറ്റി മുഖേനയാണ് നൽകുന്നത്.

**വാർഷിക മെയിന്റനൻസ് തുക (Annual Maintenance Grant)**

- ആശുപത്രിയിലെ ഭൗതികമായ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവ നിലനിർത്തിക്കൊണ്ട് പോകുന്നതിനും പരിഷ്ക്കാരങ്ങൾക്കും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.
- ആശുപത്രി വികസന സമിതിയുടെ അംഗീകാരത്തോട് കൂടിയാണ് ഈ ഫണ്ട് ഉപയോഗപ്പെടുത്തേണ്ടത്.
- സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് 50,000 രൂപ വീതവും സബ്സെന്ററുകൾക്ക് പതിനായിരം രൂപ വീതവും നൽകുന്നത് കൂടാതെ താലൂക്ക് ആശുപത്രികൾക്ക് 2011-12 വർഷം 1 ലക്ഷം രൂപ നൽകി വരുന്നുണ്ട്.
- ഈ തുക ആശുപത്രി മെഡിക്കൽ ഓഫീസറുടേയും ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റേയും സംയുക്ത അക്കൗണ്ടിൽ ജില്ലാ സൊസൈറ്റി മുഖേനയാണ് നൽകുന്നത്.

**സ്വതന്ത്ര വിനിയോഗ ഫണ്ട് (Untied Fund)**

- രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരോഗ്യ സ്ഥാപനത്തിന്റെ പരിഷ്ക്കാരങ്ങൾക്കും മറ്റ് അവശ്യചെലവുകൾക്കും ഇത് ഉപയോഗിക്കാവുന്നതാണ്.
- സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾക്ക് 50,000/- രൂപ വീതവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് 25000 രൂപ വീതവും സബ്സെന്ററുകൾക്ക് 10000 രൂപ വീതവും നൽകി വരുന്നു. കൂടാതെ നടപ്പു സാമ്പത്തിക വർഷത്തിൽ താലൂക്ക് ആശുപത്രികൾക്ക് 50,000 രൂപ വീതം നൽകി വരുന്നുണ്ട്.
- ഈ തുക ആശുപത്രി മെഡിക്കൽ ഓഫീസറുടേയും ഗ്രാമ / ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റേയും സംയുക്ത അക്കൗണ്ടിൽ ജില്ലാ സൊസൈറ്റി മുഖേനയാണ് നൽകുന്നത്.